


കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ടി എസ് ആർ (പി 13)-1166/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/09/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
അസി.ഡെവലപ്മെന്റ് കമ്മീഷണർ, തൃശൂർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ ടി എസ് ആർ (പി 13)-1166/2023 തീയ്യതി: 27/09/2023

തൃശൂർ ജില്ലയിലെ പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 04-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സുധ ദാസ്	ജോയന്റ് ഡയറക്ടർ	05-07-2023	11-07-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-07-2023	11-07-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അഗസ്റ്റിൻ എം.എൽ.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
പ്രവിദ പി.എ., അസി.ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ കെ.സി., അസി.ഓഡിറ്റ് ഓഫീസർ
അനീറ്റ ഡോമിനിക്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ജ്യോതി ജോസഫ്	പ്രസിഡന്റ്	01-04-2022	06-04-2022
ശ്രീ പി.വി.ബിജു (ഇൻചാർജ്ജ്)	പ്രസിഡന്റ്	07-04-2022	25-04-2022
ശ്രീമതി ആനി ജോസ്	പ്രസിഡന്റ്	26-04-2022	31-03-2023
ശ്രീ. അഫ്സൽ പി. എൻ	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സിനി ടി. ഡി	പട്ടികജാതി വികസന ഓഫീസർ	01-04-2022	31-03-2023
ശ്രീമതി ശരണ്യ സി ജി	ശിശു വികസന പ്രോജക്ട് ഓഫീസർ	01-04-2022	31-03-2023
ശ്രീ. ഉണ്ണിരാജൻ പി	കൃഷി അസി. ഡയറക്ടർ	01-04-2022	31-03-2023
മിനി പി. ആർ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023

മഞ്ജുഷ ടി. വി	ക്ഷീര വികസന ഓഫീസർ	01-04-2022	31-03-2023
ഡോ. മനോജ് സി. വർഗ്ഗീസ്	സൂപ്രണ്ട്, സി.എച്ച്.സി, തോളൂർ	01-04-2022	31-07-2022
ഡോ. കിഷോർകുമാർ എം. കെ	സൂപ്രണ്ട്, സി.എച്ച്.സി, തോളൂർ	01-08-2022	27-10-2022
ഡോ. ജോബ് സി. ഒ	സൂപ്രണ്ട്, സി.എച്ച്.സി, തോളൂർ	28-10-2022	31-03-2023
ഡോ. നൂർജ്ജഹാൻ എച്ച്	അസി. സർജൻ, എഫ്.എച്ച്.സി, പാമ്പൂർ	01-04-2022	31-03-2023
ശ്രീമതി ചാന്ദ്നി വി. ജി	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2022	16-05-2022
ശ്രീ. മുരളീധരൻ പി	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	17-05-2022	28-07-2022
ശ്രീമതി ചാന്ദ്നി വി. ജി	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	29-07-2022	31-03-2023
ശ്രീമതി സന്ധ്യ കെ. ജി	അസി. എഞ്ചിനീയർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-2
4	ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല	1-1-3
5	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-4
6	ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല	1-1-5
7	ലോൺ ഇനത്തിൽ 1121/-രൂപ അവശേഷിക്കുന്നുണ്ട്	1-1-6
8	ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല	1-1-7
9	അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല	1-1-8
10	ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് കാണിക്കുന്നു	1-1-9
11	ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഫണ്ട് വിനിയോഗം	1-4

15	പദ്ധതി അവലോകനം	1-5
16	ക്യാഷ് ബാലൻസ് പരിശോധന	1-6
17	ആഭ്യന്തരനിയന്ത്രണം	1-7
18	കടമുറി വാടക - അപാകങ്ങൾ	1-8
19	വാഹനം കണ്ടം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്	1-9
20	വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-10
21	AEBAS-സംവിധാനം പ്രവർത്തനക്ഷമമാക്കിയിട്ടില്ല	1-11
22	ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ പരിശോധനക്കായി ലഭ്യമാകേണ്ടതാണ്	1-12
23	പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-13
24	മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.	1-14
25	പഠനമുറി-സ്റ്റിൽ ഓവർ പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.	1-15
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3

4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1 കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.05.2023 തീയതിയിലെ 1(9)/23 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 06.06.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1 C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും

ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 19.08.2023

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))
(ഓഡിറ്റ് എൻകൗയറി നം. 1/07.07.2023)

1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 264044/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1559541/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻകൗയറി നം. 1/07.07.2023)

1-1-3 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ

വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകൗയറി നം. 1/07.07.2023)

1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി-11 പ്രകാരം ആസ്തിമൂല്യം 3,32,13,906/- രൂപയാണ്. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് എൻകൗയറി നം. 1/07.07.2023)

1-1-5 ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 9 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

ക്രമ നം.	ആസ്തി -ശീർഷകം	31/3/2023 ലെ മൂല്യം
1	410710199-Movable Asset Others	988070

(ഓഡിറ്റ് എൻകൗയറി നം. 1/07.07.2023)

1-1-6 ലോൺ ഇനത്തിൽ 1121/-രൂപ അവശേഷിക്കുന്നുണ്ട്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം Secured Loans From Co-Operative Banks ഇനത്തിൽ 1121/- രൂപ ബാക്കിയുള്ളതായി കാണുന്നു. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൗയറിക്ക് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.
'IAY സ്റ്റേറ്റ് വിഹിതം സർക്കാരിൽ നിന്ന് ലഭിക്കാതിരുന്ന കാലഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനായി കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്ന് ലോണെടുത്ത് വീട് പണി പൂർത്തിയാക്കിയിരുന്നു. ആയതുമായി ബന്ധപ്പെട്ട ലോൺ

തിരിച്ചടവ് പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട കോപ്പറേറ്റീവ് ബാങ്കുകൾ അക്കൗണ്ടിൽ കിടക്കുന്ന തുകയ്ക്ക് പലിശയായി നല്കിയ തുകയാണ് 1121/-രൂപ. ഈ തുക വരവ് ചെയ്തപ്പോൾ Secured Loans From Co-Operative Banks ഹെഡിലേക്ക് റസീറ്റ് ചെയ്യുകയാണ് ചെയ്തത്. ആയത് നടപ്പ് വർഷം ക്രമീകരിച്ച് തുക സെറ്റിൽ ചെയ്യുന്നതാണ്.'
തുക ക്രമീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകൗയറി നം. 1/07.07.2023)

1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. RP-34 പ്രകാരമുള്ള വരവ് ചെലവുകളുടെയും B-7 പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
(ഓഡിറ്റ് എൻകൗയറി നം. 1/07.07.2023)

1-1-8 അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും Advance To Implementing Officers - വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

Temporary Advance For Official Purposes, Advance To Implementing Agencies – Deposit With Ground Water Department എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല.
(ഓഡിറ്റ് എൻകൗയറി നം. 1/07.07.2023)

1-1-9 ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് കാണിക്കുന്നു

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP-40(B) & B-17 പ്രകാരം 450250109- Treasury Own Fund LG TSB GPG-ൽ നീക്കിയിരിപ്പ് തുക -179665 (നെഗറ്റീവ്) ആണ്.

പ്രസ്തുത അക്കൗണ്ടിൽ നിന്നും ഇഷ്യൂ ചെയ്ത ചെക്കുകൾ
(ചെക്ക് നം.6633273/തീ.29.03.2023 -75000,
ചെക്ക് നം.6633274/തീ.29.03.2023 -76897,
ചെക്ക് നം.6633275/തീ.29.03.2023 -30000,
ചെക്ക് നം.6633276/തീ.29.03.2023 -5018,
ചെക്ക് നം.6633277/തീ.31.03.2023 -27750) പ്രകാരമുള്ള ആകെ തുകയിൽ (214665/-), 35000/- രൂപ മാത്രം പിൻവലിക്കുകയും ബാക്കി 179665/- യുടെ ചെക്ക് കക്ഷി 31.3.2023 വരെ പിൻവലിക്കാതിരിക്കുകയും അക്കൗണ്ടിലെ മുഴുവൻ തുകയും സർക്കാർ പിൻവലിക്കുകയും ചെയ്തതിനാൽ നെഗറ്റീവ് ബാലൻസായി വരികയാണുണ്ടായതെന്ന് സെക്രട്ടറിയുടെ കുറിപ്പ് (നം. BOPKL-TSR/400/2023-B/ തീയതി 19.06.2023) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.
(ഓഡിറ്റ് എൻകൃയറി നം. 1/07.07.2023)

1-1-10 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യു വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).
(ഓഡിറ്റ് എൻകൃയറി നം. 1/07.07.2023)

1-2 ബജറ്റ്

ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം	23.03.2022/ തീരുമാനം നം.1(1)	
	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
	20,66,38,000	20,58,91,000
റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം	27.03.2023/ തീരുമാനം നം. 1	
	വരവ്	ചെലവ്
	9,78,80,216	9,72,71,056

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,22,57,671.57
വരവ്	6,68,13,352
ആകെ	7,90,71,023.57
ചെലവ്	6,65,49,308
നീക്കിയിരിപ്പ്	1,25,21,715.57

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	അലോട്ട്മെന്റ് പ്രകാരം വരവ്	ആകെ	ചെലവ്	ചെലവഴിയ്ക്കാത്തതുക
വികസനഫണ്ട് പൊതുവിഭാഗം	0	2,27,92,000	2,27,92,000	2,19,15,424	8,76,576

വികസനഫണ്ട് എസ്.സി.പി.	0	1,42,08,000	1,42,08,000	1,28,58,708	13,49,292
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	55,73,000	55,73,000	55,73,000	0
ധനകാര്യ കമ്മിഷൻ ഗ്രാന്റ്	0	94,13,813	94,13,813	71,65,164	22,48,649

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
135	75324686	81	52601259	69.83	60

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 06.07.2023 ന് സ്ഥാപന തലവന്റെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

1-7 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും നന്നായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-8 കടമുറി വാടക - അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക സംബന്ധിച്ചുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 5 കെട്ടിടങ്ങളിൽ നിന്നാണ് സ്ഥാപനത്തിന് വാടക ഇനത്തിൽ വരവ് ലഭിക്കുന്നത്. അതിൽ 2022-23 വർഷത്തിൽ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു:

ക്രമ നം.	വാടക കെട്ടിടം	വാടക കുടിശ്ശിക
1	പ്രസ് ക്ലബ്, മുളങ്കുന്നത്തുകാവ്	400
2	ദേവമാതാ വനിത സ്വയംസഹായസംഘം	വാടകയുടെ ജി.എസ്.ടി. ഈടാക്കിയിട്ടില്ല

ടി കെട്ടിടങ്ങളുടെ കുടിശ്ശിക തുക ഈടാക്കേണ്ടതാണ്.

2. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിനായി എൽ എസ് ജി ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതു പ്രകാരം സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളനുസരിച്ച് വാടക കണക്കാക്കി സമർപ്പിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും റിപ്പോർട്ടിലെ തുകയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ വാടക പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. മേൽ തീരുമാനത്തിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ

17.05.2022 ലെ തീരുമാനം നം. 5(1)/2022 താത്കാലികമായി മരവിപ്പിക്കേണ്ടതാണെന്നും വിഷയത്തിൽ വിശദമായ പരിശോധനയ്ക്ക് ശേഷം ഉചിതമായ തീരുമാനം കൈക്കൊണ്ട് അറിയിക്കുന്നതാണ് എന്നും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 21.06.2022 ലെ ഡിഡി2/213/2022/തസ്വഭവ പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു കത്ത് ലഭിച്ചിട്ടുണ്ട്.
ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം.3/07.07.2023) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു: 'അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മേൽ സൂചിപ്പിച്ച കത്തിന് തുടർന്ന് സ്പഷ്ടീകരണം ലഭ്യമാകാത്തതിനാൽ 09.02.2023 തീയതിയിലെ ബി 770/2022 നമ്പർ കത്ത് പ്രകാരം വീണ്ടും അടിയന്തര തീരുമാനത്തിന് അപേക്ഷിച്ചുകൊണ്ട് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ഉചിത മാർഗ്ഗേണ കത്ത് സമർപ്പിച്ചിട്ടുള്ളതും 27.3.2023ലെ കമ്മിറ്റി തീരുമാനമനുസരിച്ച് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങൾ 13.04.2023 ൽ അഡീഷണൽ ചീഫ് സെക്രട്ടറിയെ നേരിട്ട് കണ്ട് വിഷയം ബോധിപ്പിച്ചിട്ടുള്ളതുമാണ്. സർക്കാർ തീരുമാനം നാളിതുവരെ ലഭ്യമായിട്ടില്ല'. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

3. മേൽ വിഷയം നിലനില്ക്കുന്നതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വാടക നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടില്ല.
മേൽ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് വാടക പുതുക്കേണ്ടതും കരാറിൽ ഏർപ്പെടേണ്ടതുമാണ്.

1-9 വാഹനം കണ്ടം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-08 AM 3655 ബൊലേറോ എന്ന വാഹനം നിലവിൽ നിരത്തിലിറക്കുന്നില്ല.
കേന്ദ്രസർക്കാരിന്റെ സ്ക്രാച്ച് പോളിസി നയവുമായി ബന്ധപ്പെട്ട് 15 വർഷം പൂർത്തിയാക്കിയ സർക്കാർ വാഹനങ്ങൾ 31.03.2023-ന് ശേഷം നിരത്തിലിറക്കരുത് എന്ന കേരള സർക്കാരിന്റെ 31.01.2023 തീയതിയിലെ ജി.ഒ.(പി) നം.11/2023/ഫിൻ നമ്പർ ഉത്തരവ്

പ്രകാരവും 16.01.2023 തീയതിയിലെ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ അതോറിറ്റിയുടെ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ 03.04.2023ന് ശേഷം KL-08 AM 3655 ബൊലേറോ വാഹനം നിരത്തിലിറക്കാതെ ഷെഡിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വാഹനം കണ്ടം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം. 9/ 11.07.2023) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

'പ്രസ്തുത വാഹനം സംബന്ധിച്ച തുടർനടപടികൾക്ക് നിർദ്ദേശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 18.05.2023 തീയതിയിൽ BOPKL/TSR/356/2023-C നമ്പർ പ്രകാരം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ) തൃശ്ശൂർ-നും, 16.06.2023 തീയതിയിൽ അതേ നമ്പർ പ്രകാരം ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ-നും കത്ത് നല്കിയിരുന്നു. ആയതിന്റെ മറുപടി ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭ്യമായിട്ടില്ല.'

മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	പ്രോജക്ട് നമ്പർ	നിർവ്വഹണ ഏജൻസി	വൗച്ചർ നം./ തിയതി	തുക (₹)
1	104/23 ഐ.കെ.എം. ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ)	ഇൻഫർമേഷൻ കേരള മിഷൻ	22200243/04.08.2022	41,294
2	130/23- ക്യാൻ, തൃശൂർ (തനത്	ജില്ലാ പഞ്ചായത്ത്	22200843/30.03.2023	30,000/-

	ഫണ്ട്)			
3	67/23 അടാട്ട് പഞ്ചായത്തിലെ പതിനെട്ടാം വാർഡ് കുന്നുംപുറം കുടിവെള്ള പദ്ധതി (ധനകാര്യകമ്മീഷൻ അവാർഡ്)	ഭൂജല വകുപ്പ്	22200209/31.05.2022	61,000/- (മൊത്തം ഇതുവരെ അടവാക്കിയത്-12,34,220/-)

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറി (നം.2/07.07.2023)യ്ക്ക് മറുപടിയായി വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കുന്നതിനായി കത്തു നൽകിയിട്ടുണ്ടെന്നും ആയതു ലഭ്യമാകുമ്പോൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-11 AEBAS-സംവിധാനം പ്രവർത്തനക്ഷമമാക്കിയിട്ടില്ല

പ്രൊജക്ട് – 157/23
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി,
ഫണ്ട് – തനത് ഫണ്ട്
സ.ഉ.(സാധാ)നം.192/2020/പൊ.ഭ.വ.തി.13.01.2020 പ്രകാരം ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം (AEBAS) ഏർപ്പെടുത്തുന്നതിന് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും അതിന്റെ പരിപാലനത്തിനുമായി കെൽട്രോണിനെ ചുമതലപ്പെടുത്തുകയും O6.01.2023 ലെ ഗ്രാമ വികസന കമ്മീഷണറുടെ 5757/ഡി പി4/2022/ സി ആർ ഡി നമ്പർ കത്ത് പ്രകാരം 31.03.2023 നകം പഞ്ചിംഗ് മെഷീൻ വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം തനതുഫണ്ടിൽ നിന്നും 50% തുകയായ 26877/- രൂപ (വൗച്ചർ നം.22200815/25.03.2023) കെൽട്രോണിന് നൽകിയിട്ടുണ്ട്. (ആകെ അടങ്കൽ-1,00,000/-). ഇൻസ്റ്റലേഷൻ പൂർത്തിയായശേഷം 40% തുകയും സ്പാർക്കുമായി

ബന്ധിപ്പിച്ച ശേഷം 10% തുകയും നൽകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മെഷീൻ ലഭ്യമായെങ്കിലും ഇൻസ്റ്റാൾ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി (നം. 4/07.07.2023)യ്ക്ക് മറുപടിയായി മെഷീൻ സ്ഥാപിക്കുന്നതിനായി കെൽട്രോൺ ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുള്ളതാണെന്നും ഉടൻ തന്നെ ബ്ലോക്കിൽ മെഷീൻ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചു. മെഷീൻ ഇൻസ്റ്റാൾ ചെയ്ത് സ്റ്റാർക്കുമായി ബന്ധിപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ പരിശോധനക്കായി ലഭ്യമാകേണ്ടതാണ്

തോളൂർ സി.എച്ച്.സി, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ 2010-11 നു ശേഷം ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല. 2010-11 നു ശേഷമുള്ള വാർഷിക കണക്കുകൾ ഓഡിറ്റിനായി തൃശൂർ ജില്ലാ ഓഡിറ്റ് കാര്യാലയത്തിലേക്ക് അയയ്ക്കണ്ടതാണ്.

1-13 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന സ്കീൽ ഓവർ പ്രൊജക്ട് പ്രകാരം (പ്രൊ.നം. 73/23) വികസന ഫണ്ട്-എസ്.സി.പി. ഉപയോഗിച്ച് 695000/- രൂപ പഠനമുറി നിർമ്മിക്കുന്നതിനായി വിവിധ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന രണ്ട് ഗുണഭോക്താക്കൾ 50,000/- രൂപ വീതം ആദ്യ ഗഡു മുൻകൂർ കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേരും വിലാസവും	വൗച്ചർ നം./ തീയതി

1	അമൽകൃഷ്ണ എം.കെ., S/O കൃഷ്ണൻ എം.വി., മനക്കപ്പറമ്പിൽ വീട്, പുറനാട്ടുകര	22100429/ 29.11.2021
2	കൃഷ്ണവേണി സി.എസ്. D/O സുനിൽകുമാർ സി.യു., ചിറക്കൽ വീട്, മുളങ്കുന്നത്ത്കാവ്	22100524/ 27.01.2022

2021-22 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ തന്നെയാണ് ഇപ്പോഴും പണി പൂർത്തിയാക്കുവാനുള്ളത്. പഠനമുറി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം കൈപ്പറ്റിയ മുൻകൂർ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം. 05/10.7.2023)

1-14 മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണോദ്യോഗസ്ഥനായി മെയിന്റനൻസ് ഫണ്ട് (ജനറൽ-റോഡിതരം) ഉപയോഗപ്പെടുത്തി പ്രോജക്ട് നമ്പർ 122/23, സി.എച്ച്.സി തോളൂർ ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

1) വൗച്ചർ നം. 22200633/1.2.2023, തുക –599998

പ്രൊഫോമ ഇൻവോയ്സ് നം. PRF- 4024 പ്രകാരം 599998- രൂപ മരുന്നിനായി KMSCL ന് നൽകിയിട്ടുണ്ട്. അതിൽ 229769/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 370229/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നം. 8/11.7.2023)

1-15 പഠനമുറി-സ്പിൽ ഓവർ പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം (പ്രൊ.നം.72/23) 75000/- രൂപ വികസന ഫണ്ടിൽ നിന്നും (SCP) വകയിരുത്തിയിരുന്നു. ശ്രീരാജി (D/O രാജു.കെ.എം.കാങ്കിൽ വീട്, മണിത്തറ അവണൂർ) എന്ന ഗുണഭോക്താവിന് വേണ്ടിയാണ് പദ്ധതി രൂപീകരിച്ചത്. എന്നാൽ തൻ വർഷത്തിൽ തുക ചെലവഴിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇവർ മുൻവർഷങ്ങളിൽ രണ്ടു ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 21.5.2022, 19.7.2022 എന്നീ തിയ്യതികളിൽ പഞ്ചായത്ത്തല മീറ്റിങ്ങ് നടത്തിയെങ്കിലും ടിയാൾ പങ്കെടുക്കുകയോ നിർമ്മാണപുരോഗതി അറിയിക്കുകയോ ചെയ്തിട്ടില്ല. 2020-21 സാമ്പത്തികവർഷത്തെ ടി പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ടി തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തുകയും ഓഫീസിന്റെ ഭാഗത്തുനിന്നും സാധ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളതുമാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെയായിട്ടും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ടിയാനിൽനിന്നും തുക തിരിച്ചു പിടിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ഓഡിറ്റ് അന്വേഷണം നം. 6/10.7.2023)

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്	2022-23	5,00,000	119/23-ഡയാലിസിസ് യൂണിറ്റ്-താല്ക്കാലിക ജീവനക്കാർക്ക്	4,64,732	35,268

			ശമ്പളം നൽകൽ		

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രോജക്ട് നമ്പർ	വൗച്ചർ നം/ തിയതി	മുൻകൂർ നല്കിയ തുക (₹)	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഭൂജല വകുപ്പ്	67/23 അടാട്ട് പഞ്ചായത്തിലെ പതിനെട്ടാം വാർഡ് കുന്നുംപുറം കുടിവെള്ള പദ്ധതി	22200209/ 27.07.2022	61,000	0	61,000

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പ ഇനത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 ൽ Secured Loans From Co-Operative Banks ഇനത്തിൽ 1121/- രൂപയുണ്ട്. പ്രസ്തുത തുക സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിലെ അപാകങ്ങൾ സംബന്ധിച്ച ഖണ്ഡിക 1-1-6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായില്ല.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	6,68,13,352
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	6,65,49,308
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെട്ടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ</u>

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	റിമാർക്സ് (CAR/CASE/ CH/SCH)
1	1995-96 മുതൽ 1997-98	LFT-21-368/2000 Dt.14.6.2000	1	29	CAR
2	1998-99 (ചെലവ്)	LFT-21-77/08 Dt.10.5.2010	2	2-8 2-10	
3	1999-2000	LFT21-78/08 Dt.10.05.10	1	2-1	
4	2000-01 (ചെലവ്)	LFT-21-79/08 Dt.10.5.2010	3	2-1, 2-2 2-3	
5	2002-03	LFT-21-881/09	2	3-2	

		Dt.15.7.11/11.10.11		3-5	
6	2003-04	LFT-21-882/09 Dt.15.7.11/11.10.11	6	3-1, 3-3, 3-5, 3-6, 3-8, 3-9	
7	2005-06	LFT-21-1143/10 Dt.14.12.2011	1	3-1	
8	2006-07	LFT.21-1144/10 Dt.14.12.11	1	3-2	
9	2007-08 മുതൽ 2010-11 വരെ	LFT21-1420/2012 Dt.6.12.12/14.3.12	17	3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-16(5)(6)(7)(8), 3-18, 3-19, 3-20	
10	2011-12	LFT(BP)1656/13 Dt.10.3.14/4.4.14	6	3-3, 3-4, 3-5, 3-7(2,7), 3-10, 3-14	
11	2012-13	LFT(BP)1024/14 Dt.8.10.14/12.11.14	6	3-2, 3-3, 3-6, 3-9, 3-11, 3-15	
12	2013-14	KSA.TSR(BP1)375/15 Dt.5.8.15/3.9.15	6	3-6(2,4,5,8,9), 3-8, 3-11, 3-15, 3-16, 3-17	
13	2014-15	KSA.TSR(BP1)704/16 Dt.21.5.16/17.8.16	5	3-1, 3-4, 3-6, 3-7, 3-10	

14	2015-16	KSATSR(BP1)351/17 Dt.24.3.17	4	3-4, 3-5, 3-6, 3-8	
15	2016-17	KSATSR(BP1)1722/17 Dt.30.11.17/10.1.18	6	3-3, 3-4, 3-5(2,3,4,5), 3-6, 3-7, 3-10	
16	2017-18	KSATSR(BP1)53/2019 Dt.12.2.19/30.3.19	8	2-3, 3-2(1), 3-3, 3-4, 3-9, 3-10, 3-11, 3-12	
17	2018-19	നം.കെ.എസ്.എ.ടി.എസ്.ആർ. (ബി.പി.1)959/19/13.08.2020	17	1-8, 1-10, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 4-2, 4-3, 4-9, 4-10	
18	2019-20	കെ.എസ്.എ.ടി.എസ്.ആർ. (പി.13)948/22/16/07/2022	12	1-11, 1-12, 1-13, 1-16, 1-18, 1-19, 1-20, 1-21, 1-23, 1-24, 1-25(2)(3), 1-26	
19	2020-21	കെ.എസ്.എ.ടി.എസ്.ആർ (പി13)949/22 Dt.02.07.22/16/07/2022	10	1-11, 1-12, 1-17, 1-18, 1-19, 1-21(B), 1-22, 1-23(1-12), 1-24, 1-26(1)	
20	2021-22	കെ എസ് എ ടി എസ് ആർ (പി 13)536/2023/ തീയ്യതി: 26/04/2023	12	1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18	
	ആകെ		**126**		

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 01(9) dated 01(9) dated 26-05-2023 and submitted on 06-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Puzhakkal Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result and Financial position of Puzhakkal Block Panchayat for the year 2022-2023

Date: 27/09/2023 **Joint Director**

Kerala State Audit Department

Audit Report appended to the Audit Certificate of Puzhakkal Block Panchayat for the Year 2022-2023.

1.Major Observations

My certification is subject to the limitations listed below.
The receipt & payment of Mahatma Gandhi National Rural Employment Guarantee Scheme (MGNREGS) is not included in the annual accounts of the Block Panchayat.

2.Other Observations

a. Comments relating to Income and Expenditure Account

Nil

b. Comments relating to Balance Sheet

1. In the balance sheet schedule B5, Secured Loans from Co-operative banks, a balance amount of Rs.1121/- is left which has to be regularised.
2. In the balance sheet schedule B11, Accumulated Depreciation is not calculated for the Head of

Account 410710199- Movable Assets-Others

c. Comments relating to Receipt and Payment Statement

Nil

d. Comments relating to Cashflow Statement

Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

e. Comments relating to Ratios

The mandatory Financial Statements prescribed in Accounting Rules
are not submitted for Audit Ratios

f. Comments relating to Notes to accounts

As per RP-40(b) & B-17 of the Annual Financial Statement for the year
2022-23, Treasury Own Fund has a balance of -179665 (Negative).
Secretary submitted a note stating that the cheque issued under 5 cheques from the said account was not withdrawn by the party till 31.3.2023 and the entire amount in the account was withdrawn by the government, resulting in a negative balance.

g. Comments relating to Receipt Vouchers

Nil

h. Comments relating to Payment Vouchers

Nil

i. Comments relating to Journal Vouchers

Lack of authenticated journal vouchers for supporting the adjustment entries

Authentic certified vouchers and worksheets is not maintained for all journal vouchers.

j. Comments relating to Contra Vouchers

Nil

k. Comments relating to Bank Reconciliation Statement

Nil

l. Comments relating to Demand, Collection and Balance Register

Nil

m. Comments relating to Asset Register

The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

n. Comments relating to Inventory and other Registers

Deposit and Advance Registers are not properly maintained.

JOINT DIRECTOR,
KERALA STATE AUDIT DEPARTMENT
DISTRICT OFFICE, THRISSUR


അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം


തൃശൂർ ജില്ലയിലെ പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3
വാർഷിക കണക്കുകളുടെ സംക്ഷിപ്തം







JOINT DIRECTOR,
KERALA STATE AUDIT DEPARTMENT